# SYRO-MALABAR MEDIA COMMISSION

Chairman
BISHOP JOSEPH PAMPLANY

Member
BISHOP PAULY KANNOOKKADAN

Member
BISHOP SEBASTIAN VANIYAPURACKAL


**രോഗവ്യാപന ഭീതിയിൽ മനുഷ്യത്വം മറക്കരുത്: കർദിനാൾ മാർ ആലഞ്ചേരി**

കാക്കനാട്: മനുഷ്യസമൂഹം നേരിട്ടിട്ടുള്ള ഭീകരമായ പകർച്ചവ്യാധികളിലൊന്നായി കൊറോണ വൈറസ്ബാധ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, വൈറസ് വ്യാപനഭീതിയിൽ മനുഷ്യത്വം മറന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും ഒഴിവാക്കണമെന്നു കർദിനാൾ മാർ ജോർജ് ആലഞ്ചേരി. രോഗവ്യാപനത്തിന്റെ ക്ഷിപ്രതയും രോഗത്തെ ചെറുക്കാൻ പര്യാപ്തമായ വാക്സിന്റെ അഭാവവും ജനങ്ങളുടെ ഭീതി വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. ഗുരുതരമായ ഈ സാഹചര്യത്തെ നേരിടുവാൻ സാഹോദര്യത്തിലും പരസ്പരമുള്ള കരുതലിലും എല്ലാവരും സഹകരിച്ചു പ്രവർത്തിക്കണമെന്നു സീറോമലബാർസഭയുടെ കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നിന്നിറക്കിയ പത്രക്കുറിപ്പിൽ അദ്ദേഹം അഭ്യർത്ഥിച്ചു.

രോഗബാധയിൽ നിന്ന് എങ്ങനെ രക്ഷനേടാമെന്നു ഓരോരുത്തരും ചിന്തിക്കുന്നതോടൊപ്പം മറ്റുള്ളവർക്കും രോഗം വരാതിരിക്കാനുള്ള കരുതൽ എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ വ്യക്തികളും, കുടുംബങ്ങളും ജോലിക്കൂട്ടായ്മകളുമൊക്കെ ജാഗ്രതയോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ ഈ മഹാമാരിയിൽ നിന്നു നമ്മുടെ സമൂഹം മുക്തി നേടുകയുള്ളൂ. അതിനാൽ അനാവശ്യമായ ഭയത്തിനടിമകളാകാതെ പ്രതിരോധമാർഗങ്ങൾ സ്വീകരിച്ചുകൊണ്ടു ജീവിക്കുവാൻ പരിശീലിക്കേണ്ടിരിക്കുന്നുവെന്നും കർദിനാൾ പറഞ്ഞു.

കൊറോണ വൈറസ് ബാധമൂലം മരണമടഞ്ഞവരുടെ സംസ്കാരവുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതമായ ഭയവും അതിൽ നിന്നുവരുന്ന മനുഷ്യത്വരഹിതമായ പെരുമാറ്റവും തികച്ചും വേദനാജനകമാണ്. കൊറോണ ബാധിച്ചു മരണമടയുന്ന വ്യക്തികൾ അർഹിക്കുന്ന ബഹുമാനവും മാനുഷികമായ അംഗീകാരവും നിഷേധിക്കപ്പെടുന്നത് ഒരു പരിഷ്കൃതസമൂഹത്തിനു ന്യായികരിക്കാവുന്നതല്ല. ഇത്തരം മരണ സാഹചര്യങ്ങളിൽ ഭീതിപൂണ്ടു സമരങ്ങളിലേയ്ക്കും രാഷ്ട്രീയ മുതലെടുപ്പിലേയ്ക്കും നീങ്ങുന്നത് ഒട്ടും ആശാസ്യമല്ലെന്നും മാർ ആലഞ്ചേരി പ്രസ്താവനയിൽ പറഞ്ഞു.

കൊറോണ വൈറസ് ബാധമൂലം മരണമടഞ്ഞ ക്രൈസ്തവരുടെ മൃതസംസ്കാരകർമ്മങ്ങൾ ക്രൈസ്തവവിധി പ്രകാരം നടത്തുന്നതിൽ ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. ഇനിയും അത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ സഭാശുശ്രൂഷകരും വിശ്വാസികളും ശ്രദ്ധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ദൈവത്തോടും സഹോദരങ്ങളോടുമൊപ്പം നിന്നു മനുഷ്യസമൂഹത്തിന്റെ ഒരു കൂട്ടായ പരിശ്രമമായി ഈ മഹാമാരിയ്ക്കെതിരെയുള്ള പ്രതിരോധയജ്ഞത്തിൽ പങ്കുചേരാൻ എല്ലാവരും സഹകരിക്കണമെന്നും മേജർ ആർച്ചുബിഷപ്പ് തന്റെ പ്രസ്താവനയിൽ അഭ്യർത്ഥിച്ചു.

28/07/2020


ഫാ. അലക്സ് ഓണംപള്ളി
9946162280
സെക്രട്ടറി, സീറോമലബാർ മീഡിയാ കമ്മീഷൻ


SYRO-MALABAR MEDIA COMMISSION
MY LORD MY GOD
MOUNT ST THOMAS, KAKKANAD